## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5136. 23.03.2018 ൽ മറുപടിയ്ക്ക്

## ലഹരി വിരുദ്ധ ക്ലബ്ബുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജയിംസ് മാത്യു<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.കാരാട്ട് റസാഖ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവത്ക്കരിക്കുന്നതിനായി സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം എത്ര മാത്രം പ്രയോജനപ്രദമാകുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരാനുമായി. വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് അവരുടെ ഇടയിൽതന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെക്കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം എത്ര ലഹരി വിരുദ്ധ ക്ലബ്ബുകളാണ് പ്രവർത്തിച്ചു വരുന്നത്; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. |
| (ഡി) | സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി ഉല്പന്നങ്ങൾ വിതരണം നടത്തുന്ന മാഫിയകളെക്കുറിച്ച് ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ലഹരി മാഫിയകളെക്കുറിച്ചുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ പരാതി പ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ് ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. ആയവ ഉപയോഗിച്ചും പരാതികൾ അറിയിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**